**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3803** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുളള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri K. Radhakrishnan** (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ദേവസ്വം ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും അഴിമതിയില്ലാതാക്കി സ്വയംപര്യാപ്തമാക്കാനുമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) | മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിൽ മലബാർ ദേവസ്വം ബോർഡിന് ബാധകമായ നിയമം സമഗ്രമായി പരിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പല ക്ഷേത്രങ്ങളുടേയും ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിച്ച് വരുന്നുണ്ട്. കൂടാതെ കൂടുതൽ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വം സ്വയം പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി ദേവസ്വത്തിന്റെ ഭൂമിയിൽ മൂന്ന് നിലകളുള്ള സംഗമേശ്വരാ കോംപ്ലക്സ് നിർമ്മിച്ച് ഇതിനോടകം വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൂടൽ മാണിക്യം ദേവസ്വത്തിന്റെ കീഴിൽ ഒഴിഞ്ഞു കിടക്കുന്ന ഭൂമികളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ Online advance booking വഴി ദർശനം ഏർപ്പെടുത്തിയതു മൂലം ദർശന സൗകര്യം ചെയ്തു കൊടുക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാനും അതുവഴി അഴിമതി ഇല്ലാതാക്കാനും ഏറെക്കുറെ സാധിച്ചിട്ടുണ്ട്. e-office സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വം സ്ഥാപനങ്ങൾ, ക്ഷേത്രം എന്നിവിടങ്ങളിൽ Computerisation നടത്തിയിട്ടുള്ളതിനാൽ ദേവസ്വത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നും അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിലെ നിയമനങ്ങൾ സുതാര്യമാക്കുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴിയാണ് നിയമനങ്ങൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ഷോപ്പിംഗ് കോംപ്ലക്സ് അടക്കം നിർമ്മിച്ചുകൊണ്ടു വഴിപാടിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ,അഴിമതിയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് എതിരെ കർശന നടപടികൾ കൈക്കൊണ്ടുവരുന്നു. കോവിഡ് 19 വ്യാപനം ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളേയും സ്വയംപര്യാപ്തമാക്കുന്നതിനും ക്ഷേത്രങ്ങളിൽ ഒരു തരത്തിലും വരുമാന ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബോർഡ് അറിയിച്ചിട്ടുണ്ട്. കടമുറികളിൽ നിന്നും ചെറിയ രീതിയിലുള്ള വരുമാനം നിലവിൽ ലഭിക്കുന്നുണ്ടെങ്കിലും കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് ഫലപ്രദമായി വിനിയോഗിക്കുന്നതിനു പദ്ധതികൾ പരിഗണനയിലാണ്. |
| (ബി) | കോവിഡ് വ്യാപനം എപ്രകാരം ആരാധനാലയങ്ങളുടെ വരുമാനത്തെയും വിശ്വാസികളെയും ബാധിച്ചു എന്നും ഇത്തരത്തിലുള്ള പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്കും അതോടൊപ്പം കൂടുതൽ വിശ്വാസികളെ ആരാധനകളിൽ പങ്കെടുപ്പിക്കുവാനും സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് - 19 മഹാമാരിയുടെ ഭീഷണി ആരംഭിച്ച നാൾ മുതൽ ആരാധാനാലയങ്ങളിൽ പരിമിതമായ തോതിൽ കർശന നിയന്ത്രണങ്ങളോടെയാണ് ഭക്തജന പ്രവേശനം നടന്ന് വരുന്നത്. ഭക്തജനങ്ങളുടെ വരവ് നിലച്ചതോടെ ക്ഷേത്രങ്ങളുടെ വരുമാനത്തിൽ ഗണ്യമായ തോതിൽ ഇടിവ് സംഭവിച്ചിട്ടുണ്ട്. ദൈനംദിന ചിലവുകൾക്കും, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനും സാധിക്കാതെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ് ഭൂരിഭാഗം ക്ഷേത്രങ്ങളും. സ്ഥിരനിക്ഷേപങ്ങൾ പിലൻവലിച്ചാണ് മിക്ക ദേവസ്വങ്ങളും നിത്യ ചെലവുകൾ നടത്തിക്കൊണ്ട് പോകുന്നത്. വഴിപാടുകളും നടവരവും തീരെ കുറഞ്ഞ ഈ സാഹചര്യത്തിൽ, Online advance booking പ്രകാരം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദർശനത്തിനും വഴിപാടിനും ക്ഷേത്രങ്ങൾ നടപടികൾ സ്വികരിച്ചിട്ടുണ്ട്. ഇതുമൂലം ഒരു പരിധിവരെ വിശ്വാസികളെ ക്ഷേത്ര ആരാധനകളിൽ പങ്കെടുപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ക്ഷേത്രവരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് മിക്ക ക്ഷേത്ര ജീവനക്കാർക്കും അതാത് ദേവസ്വങ്ങൾ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ